## പത്രക്കുറിപ്പ്

# ഗുണ്ടാ നിയമപ്രകാരം മൂന്നാം തവണ കുപ്രസിദ്ധ ഗുണ്ട അറസ്റ്റിൽ

## കോവിഡ്-19

# വിലക്ക് ലംഘനം: 78 പേർക്കെതിരെ നിയമനടപടി 19,500/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- നിരവധി ക്രിമിനൽ കേസുകളിലെ പ്രതിയായ കുപ്രസിദ്ധ ഗുണ്ടയെ, ഗുണ്ടാ നിയമ പ്രകാരം (കാപ്പ) അറസ്റ്റ് ചെയ്തതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പുത്തൻപാലം വിഷ്ണു വധക്കേസിലെ ഒന്നാം പ്രതിയായ, കണ്ണമ്മൂല വാർഡിൽ വയൽ നികത്തിയ വീട്ടിൽ താമസം പററ്റ അരുൺ എന്ന് വിളിക്കുന്ന അരുൺ (27) നെയാണ് പേട്ട പോലീസ് അറസ്റ്റു ചെയ്തത്. ഇയാൾ മൂന്നാം തവണയാണ് ഗുണ്ടാ നിയമപ്രകാരം അറസ്റ്റിലാകുന്നത്. ഇയാൾക്കെതിരെ പേട്ട, മെഡിക്കൽ കോളേജ്, ചടയമംഗലം തുടങ്ങിയ പോലീസ് സ്റ്റേഷനുകളിലായി കൊലപാതകം, ഗുണ്ടാ ആക്രമണം, കൊലപാതകശ്രമം, ആയുധ നിയമലംഘനം,



പേട്ട പോലീസ് അറസ്റ്റ് ചെയ്ത
അരുൺ @ പററ്റ അനി

സ്ഫോടകവസ്തു നിയമലംഘനം തുടങ്ങിയ കുറ്റകൃത്യങ്ങൾ നടത്തിയതിന് 14–ഓളം കേസുകൾ നിലവിലുണ്ട്. രണ്ടാം പ്രാവശ്യം ഗുണ്ടാ നിയമപ്രകാരം ആറ് മാസം കരുതൽ തടങ്കലിൽ കഴിഞ്ഞ് 2018 ഒക്ടോബറിലാണ് പുറത്തിറങ്ങിയത്. അതിനു ശേഷം പാൽക്കുളങ്ങര സ്വദേശി നീരജിന്റെ വീട്ടിൽ മാരകായുധങ്ങളുമായി അരുണിന്റെ നേതൃത്വത്തിലുള്ള സംഘം അതിക്രമിച്ച് കയറി തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്താൻ ശ്രമിച്ച കേസിലും, വിഷ്ണു വധക്കേസിലെ സാക്ഷിയായ കൊല്ലപ്പെട്ട വിഷ്ണുവിന്റെ ബന്ധുവായ സ്ത്രീയുടെ വീട്ടിൽ കയറി അതിക്രമം കാട്ടിയ കേസിലും ഇയാൾ പ്രതിയാണ് . ഏറ്റവും ഒടുവിൽ കഴിഞ്ഞ നവംബറിൽ കണ്ണമ്മൂല സ്വദേശി രഞ്ജിത്തിനെ ഇരുമ്പ് പൈപ്പ് കൊണ്ട് തലയ്ക്കടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ റിമാൻറിലായിരുന്ന ഇയാൾ ജാമ്യത്തിൽ ഇറങ്ങി ഒളിവിൽ കഴിഞ്ഞ് വരികയായിരുന്നു. നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ഇയാൾ ജാമ്യത്തിൽ പുറത്ത് നിൽക്കുന്നത് പ്രദേശവാസികളുടെ സമാധാന ജീവിതത്തിന് ഭീഷണിയാണെന്ന് കാണിച്ച് ഡെപ്യൂട്ടി കമ്മീഷണർ (ക്രമസമാധാനം) നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇയാളെ ഒരു വർഷത്തേയ്ക്ക് കരുതൽ തടങ്കലിൽ പാർപ്പിക്കാൻ ഉത്തരവു പുറപ്പെടുവിച്ചത്. പേട്ട എസ്.എച്ച്.ഒ സുബിലാൽ, എസ്.ഐ മാരായ നിയാസ്, നിതീഷ്, സി.പി.ഒ മാരായ അനീഷ്, വിപിൻ, ഷമി, ബെന്നാൻ, രജനി എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (04-03-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 78 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 35 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 39 പേരിൽ നിന്നും 19,500/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാത്ത 4 കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
04-03-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി